

THURSDAY 14/05/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/05/2026

1. നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന 'സുസ്ഥിര ഉല്പാദനക്ഷമത വർധനവിനുള്ള സമഗ്ര കേര വികസന പദ്ധതി' യിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. സംസ്ഥാനത്ത് നാളികേര കൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്തുതിനൊപ്പം, കേരകർഷകരുടെ വരുമാനം വർധിപ്പിക്കുകയും സുസ്ഥിര കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള/ പുതിയതായി രൂപീകരിക്കുന്ന കേര കർഷക കൂട്ടായ്മകൾക്കും ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷക ഉത്പാദക സംഘങ്ങൾക്കും ഈ പദ്ധതിയിലേക്ക് നേരിട്ട് അപേക്ഷിക്കാം. കൃഷിഭവനുകൾ, ഐ സി എ ആർ, കെ എ യു, കെ വി കെ തുടങ്ങിയ കർഷിക ഗവേഷണ സ്ഥാപനങ്ങൾക്കും നാളികേര വികസന ബോർഡിൽ സജീവ രജിസ്ട്രേഷൻ ഉള്ള കർഷക ഉത്പാദക ഫെഡറേഷനുകൾക്കും, നാളികേര ഉത്പാദക കമ്പനികൾക്കും നാളികേര ക്ലസ്റ്റർ തിരഞ്ഞെടുത്ത് ഈ പദ്ധതി നടപ്പിലാക്കുവാനുള്ള ഏജൻസികളായി അപേക്ഷ നൽകാം. ക്ലസ്റ്റർ അടിസ്ഥാനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉല്പാദനവർധനവിനുള്ള പ്രവർത്തനങ്ങൾ, ശാസ്ത്രീയ പരിപാലന രീതികൾ എന്നിവ നടപ്പിലാക്കും. ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനായി ശുപാർശ ചെയ്തിട്ടുള്ള രാസജൈവ വളങ്ങളും വിതരണം ചെയ്യും. അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ ഇടവിളകളുടെ നടീൽവസ്തുക്കളും കർഷകർക്ക് നല്കും. ഈ പദ്ധതിയിലേക്ക് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 22 വൈകുന്നേരം 5 മണിവരെയാണ്. അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും https://coconutboard.gov.in/docs/PICCSKerala_26-27.pdf സന്ദർശിക്കുക.

2. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയുടെ പൂക്കോട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻ്റ് വിംഗ് ഓഫീസിലേക്ക് വിവിധ പദ്ധതികളുടെ നടത്തിപ്പിലേക്കായി താഴെപ്പറയുന്ന തസ്തികകളിലേക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. 1. അസിസ്റ്റൻറ് എൻജിനീയർ (സിവിൽ) (ഒരെണ്ണം) – ബി. ടെക് /ബി. ഇ (സിവിൽ), തത്തുല്യ ബിരുദവും സർക്കാർ/അർദ്ധ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തത്തുല്യ വിഭാഗത്തിൽ AEE/AE ആയി റിട്ടയർ ചെയ്തവരെയും, സ്വകാര്യ നിർമ്മാണ മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവരെയും പരിഗണിക്കുന്നതാണ്., 2. ഓവർസിയർ (ഒരെണ്ണം) - ത്രിവൽസര ഡിപ്ലോമയും (സിവിൽ), നിർമ്മാണ മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവരെയും പരിഗണിക്കുന്നതാണ്. സർക്കാരിൻറെ പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള വ്യക്തമായ അറിവും പ്രാവീണ്യവും പരിചയവും അത്യാവശ്യമാണ്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റയും, യോഗ്യതയും പ്രവൃത്തി പരിചയവും മറ്റ് അനുബന്ധ യോഗ്യതകളും തെളിയിക്കുന്ന രേഖകൾ 17/05/2026 വൈകുന്നേരം 5.00 മണിക്ക് മുൻപാകെ idwofficepkt@kvasu.ac.in എന്ന ഇ-മെയിലിലേക്ക് സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിർദിഷ്ട സമയത്തിനു ശേഷമുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല. ലഭ്യമായ യോഗ്യതയുള്ളവരെ കണ്ടെത്തി അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

3. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിന്കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **'അലങ്കാര മത്സ്യകൃഷി, വളർത്തുമത്സ്യ കൃഷി'** എന്നീ വിഷയങ്ങളിൽ 6 മാസത്തെ പ്രായോഗിക പരിശീലന പരിപാടി നടത്തുന്നു. പ്രായോഗിക പരിശീലനപരിപാടിയുടെ ആകെ ഫീസ് ₹2,000/- രൂപ . പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോണ് നമ്പറുകളിൽ ബന്ധപ്പെടുക.

4. റബ്ബർബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) ഒരു ഫാക്കൽറ്റി ട്രെയിനിയെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തുപരീക്ഷ/വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർ പോളിമർ/റബ്ബർ ടെക്നോളജിയിൽ ബി. ടെക്ക്/എം. ടെക്ക് ബിരുദം ഉള്ളവരും 2026 മെയ് 01-ന് 30 വയസ്സ് കവിയാത്തവരും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആയിരിക്കണം. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം 2026 മെയ് 21 രാവിലെ 9.30-ന് എൻ.ഐ.ആർ.റ്റി.യുടെ പുതുപ്പള്ളിയിലുള്ള ഓഫീസിൽ എഴുത്തുപരീക്ഷ/വാക്ക്ഇൻ ഇന്റർവ്യൂവിന് തയ്യാറായി ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ റബ്ബർബോർഡിന്റെ വെബ് സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

## കാർഷിക നിർദേശം

### 5. കമുക്

കുരുത്തോലച്ചാഴി, മഞ്ഞളിപ്പ് മുതലായ കീട-രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക. മഞ്ഞളിപ്പ് കാണുകയാണെങ്കിൽ വിദഗ്ധ ഉപദേശം തേടി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. തെക്കൻ വെയിലിൽ നിന്നുള്ള സൂര്യാഘാതം തടയുന്നതിനായി കമുകിൻ തടിയിൽ വെള്ള പൂശുകയോ കമുകിൻ പോളകൾ കൊണ്ട്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പൊതിയുകയോ ചെയ്യണം. തോട്ടങ്ങളിൽ 3-5 ദിവസം ഇടവിട്ട് മരമൊന്നിന് 175 ലിറ്റർ എന്ന തോതിൽ ജലസേചനം നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം